©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2022 നവംബർ 16<br>16th November 2022<br>1198 തുലാം 30<br>30th Thulam 1198<br>1944 കാർത്തികം 25<br>25th Karthika 1944 | നമ്പർ<br>No. | 3857 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

നോട്ടീസ്

ഫാറം-VI

[ചട്ടം 22(2) കാണുക]

[2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9) 36-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയ വസ്തുത അറിയിക്കുന്ന നോട്ടീസ്]

റഫ. നമ്പർ തസ്വഭവ-ആർ.ഡി2/78/2022-തസ്വഭവ. തീയതി, *തിരുവനന്തപുരം, 2022 നവംബർ 7*

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശസൂത്രണ പ്രദേശത്തിന്റെ ഒറ്റപ്പാലം മുനിസിപ്പൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൗൺസിൽ തയ്യാറാക്കിയ മാസ്റ്റർപ്ലാൻ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ (2016 -ലെ 9) 36-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) നം. 234/2022/തസ്വഭവ. തീയതി 13/10/2022 പ്രകാരം സർക്കാർ അംഗീകരിച്ചതായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : അനങ്ങനടി, തൃക്കടീരി, അമ്പലപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകൾ.

കിഴക്ക് : ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്.

തെക്ക് : ഭാരതപ്പുഴ.

പടിഞ്ഞാറ് : വാണിയംകുളം ഗ്രാമപഞ്ചായത്ത്

മാസ്റ്റർപ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

എ) *അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ*- നിലവിലില്ല

ബി) *പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ*

1) സെൻട്രൽ ഏരിയ, ഒറ്റപ്പാലം.

2) ഒറ്റപ്പാലം സെൻട്രൽ ഏരിയ (വെസ്റ്റ്).

3) താലൂക്ക് ഹോസ്പിറ്റൽ ആന്റ് എൻവിറോൺസ് ഒറ്റപ്പാലം.

സി) *മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കിയ വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക* - ബാധകമല്ല.

ഡി) *നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ* - കേരള നഗര-ഗ്രാമാസൂത്രണ ആക്ട് 2016 വകുപ്പ് 62(3) പ്രകാരം, അനുമതി ലഭിച്ച മാസ്റ്റർ പ്ലാനും, പ്രസിദ്ധീകരിച്ച വിശദനഗരാസൂത്രണ പദ്ധതിയും നിലവിലുള്ള സംഗതിയിൽ, അനുമതി ലഭിച്ച മാസ്റ്റർപ്ലാനിലെ വ്യവസ്ഥകൾ പ്രസിദ്ധീകരിച്ച വിശദനഗരാസൂത്രണ പദ്ധതിയിലെ വ്യവസ്ഥകൾക്കുമേൽ നിലനിൽക്കുന്നതാണ്.

2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36-ാം വകുപ്പ് (10)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ, ഒറ്റപ്പാലം മുനിസിപ്പൽ കൗൺസിൽ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും, വിനിയോഗിക്കുകയോ, വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ, ഭൂവിനിയോഗത്തിനു മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

ശാരദ മുരളീധരൻ,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2022.11.16 03:36:42 +05:30